**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**

**അഡിഷണൽ ഡയറക്ടർ(മെഡിക്കൽ) ന്റെ നടപടിക്രമം**

വിഷയം : ആ.വ.ഡ – ജീവനക്കാര്യം - ആരോഗ്യവകുപ്പിൽ നിലവിലുള്ള (30.06.2021 ന്) റേഡിയോഗ്രാഫർ ഗ്രേഡ് 1മാരുടെ താത്ക്കാലിക സീനിയോരിറ്റിപട്ടിക റദ്ദാക്കി ഉത്തരവാകുന്നു.

സൂചന :
1. ഇഎഫ്2-23493/01/ആവഡ തീയതി 07/03/2022
2. സർക്കാർ ഉത്തരവ് ആർറ്റി നം.4815/2010/ ആകുവ തീയതി 7/12/2010
3. ഉത്തരവ് നം. ഇ.എസ്2-40266(2)/2021/ആ.വ.ഡ/തീയതി : 07-02-2022

**ഉത്തരവ് നം. ഇ.എസ്2-40266(2)/2021/ആ.വ.ഡ/തീയതി : 10-03-2022**

ആരോഗ്യ വകുപ്പിലെ 30.06.2021 ന് റേഡിയോഗ്രാഫർ ഗ്രേഡ് -1 തസ്തികയിൽ തുടരുന്ന ജീവനക്കാരുടെ താത്ക്കാലിക സീനിയോറിറ്റി പട്ടിക സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ടി ജീവനക്കാരുടെ സർവ്വീസ് വിശദാംശങ്ങൾ പരിശോധിച്ചതിൽ നിന്ന് ഇവർ X-ray ടെക്നീഷ്യൻ ഗ്രേഡ് -1 തസ്തികയിൽ തുടരുന്നതായി ബോധ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സൂചന(2) സർക്കാർ ഉത്തരവ് പ്രകാരം എക്സ്റേ ടെക്നീഷ്യൻ/റേഡിയോഗ്രാഫർ എന്നീ തസ്തികകൾ സംയോജിപ്പിച്ച സമയത്ത് എക്സ്റേ ടെക്നീഷ്യൻ ഗ്രേഡ് 1 എന്ന തസ്തിക ഏത് ഗ്രേഡിൽ തുടരണമെന്നുള്ള വ്യക്തത നൽകിയിട്ടില്ല.

ഇക്കാരണത്താൽ സൂചന (3) പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ആരോഗ്യവകുപ്പിലെ റേഡിയോഗ്രാഫർ ഗ്രേഡ്-1 മാരുടെ താത്കാലിക സീനിയോരിറ്റി പട്ടിക റദ്ദാക്കിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു

( ഒപ്പ്)

**ഡോ.ഷിനു.കെ.എസ്**

**അഡിഷണൽ ഡയറക്ടർ(മെഡിക്കൽ) ഇൻ ചാർജ്ജ്**

പകർപ്പ്

1. എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും (ഇ-മെയിൽ മുഖേന)
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്
3. സൂപ്രണ്ട്, ഇ. എഫ് സെക്ഷൻ
4. സി എ, അഡീഷണൽ മെഡിക്കൽ
5. ഫയൽ/കരുതൽ ഫയൽ

//ഉത്തരവിൻപ്രകാരം//

സീനിയർ സൂപ്രണ്ട്